File No. 1009/E3/2020/IKM

**ഇൻഫർമേഷ ൻ കേരള മിഷൻ**

**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**

**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം 695 003**

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**സാന്നിദ്ധ്യം- Dr. ചിത്ര എസ് IAS**

**സംഗ്രഹം**

ഇൻഫർമേഷൻ കേരള മിഷൻ - ജീവനക്കാര്യം – കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ – ജീവനക്കാർ വീട്ടിലിരുന്ന് ജോലി ചെയ്യുന്നത് സംബന്ധിച്ച് പുതുക്കിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**അഡ്മിനിസ്ട്രേഷൻ ഡിവിഷൻ**

ഉത്തരവ് നമ്പർ.205/ഇ3/2020/ഐ.കെ.എം തിരുവനന്തപുരം. തീയതി:30.04.2020

പരമാർശം –
1. 20.03.2020 ലെ സ.ഉ.(സാധാ)നമ്പർ.1247/2020/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്
2. 22.03.2020, 25.03.2020 എന്നീ തീയതികളിലെ നം.942/ഇ.ഡി/2020/ഐ.കെ.എം നമ്പർ ഉത്തരവ്
3. 20.04.2020 ലെ നം.986/ഇ.ഡി/2020/ഐ.കെ.എം നമ്പർ ഉത്തരവ്
4. 22.04.2020 ലെ നം.എസ്.എസ്-1/91/2020 നമ്പർ സർക്കുലർ
5. 27.04.2020 ലെ നം.200/അഡ്മിൻ/2020/ഐ.കെ.എം നമ്പർ ഉത്തരവ്
6. 23.04.2020 ലെ നം.1004/ഇ.ഡി/2020/ഐ.കെ.എം നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശ ഉത്തരവുകൾ 2,3,4 പ്രകാരം ഐ കെ എം ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ പൊതു ഗതാഗത സൌകര്യം ലഭ്യമല്ലാത്തതിനാൽ ചില ജീവനക്കാർക്ക് ഓഫീസിൽ ഹാജരായി ജോലി ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി അറിയിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ പൊതുഗതാഗത സൌകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഗർഭിണികൾ, അഞ്ചുവയസിന് താഴെ പ്രായമുള്ള കുട്ടികളുടെ രക്ഷകർത്താക്കളായ ജീവനക്കാർ എന്നിവരെ ഡ്യൂട്ടിയിൽ നിന്നും പരമാവധി

ഒഴിവാക്കുന്നതാണ്. ഇത്തരത്തിലുള്ള ജീവനക്കാർ നിർബന്ധമായും 'വർക്ക് ഫ്രം ഹോം' രീതി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർ അവർ ചെയ്ത ജോലിയുടെ വിശദ വിവരം ബന്ധപ്പെട്ട ടീം ലീഡർമാരേയും, ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) നേയും രേഖാമൂലം അറിയിക്കേണ്ടതാണ്. ഇവർക്ക് വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള സാങ്കേതികവും, അടിസ്ഥാന സൌകര്യവും ഇൻഫ്രാസ്ട്രക്ചർ ടീം ചെയ്തുനൽകേണ്ടതാണ്.

പരാമർശം 5,6 എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം ഇ.ആർ.പി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (റോഡ്) എന്നിവയുടെ സോഫ്റ്റ്‌വെയർ ഡവലപ്പ്മെന്റ്, ടെക്നിക്കൽ സപ്പോർട്ട്, ട്രയിനിംഗ് എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് നിയോഗിച്ചിട്ടുള്ള ജീവനക്കാർ പ്രസ്തുത ഉത്തരവുകളിൽ പ്രതിപാദിക്കും പ്രകാരം ഓഫീസിൽ ഹാജരായി ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

**ഡോ. ചിത്ര എസ്. ഐഎഎസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
ഡെപ്യൂട്ടി ഡയറക്ടർ(ടെക്നിക്കൽ)
ടീം ലീഡർ (ടെക്നിക്കൽ സപ്പോർട്ട്)

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
അഡ്മിനിസ്ട്രേഷൻ വിഭാഗം
സാങ്കേതിക വിഭാഗം
ഫയൽ കോപ്പി/കരുതൽ ഫയൽ